# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 21-12-2012

## എയ്ഡഡ് സ്കൂളുകളെ തകർക്കുന്ന എക്സ്പെൻഡീച്ചർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കരുത്

**കെ.എസ്.ടി.എ**

പൊതുവിദ്യാഭ്യാസത്തെയും എയ്ഡഡ് സ്കൂളുകളെയും തകർക്കുന്ന എക്സ്പെൻഡീച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കരുതെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. പൊതുവിദ്യാലയങ്ങളും സൗജന്യവിദ്യാഭ്യാസവും സർക്കാരിന് ബാധ്യതയായിരിക്കുന്നുവെന്നാണ് കമ്മിറ്റിയുടെ കണ്ടെത്തൽ. സർക്കാരിന് സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് രക്ഷപ്പെടാൻ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്ക് നൽകുന്ന ശമ്പളം (ടീച്ചിംഗ് ഗ്രാന്റ്) ഒഴിവാക്കുകയാണ് നല്ലതെന്നാണ് സർക്കാരിന് നൽകുന്ന ഉപദേശം. യു.ഡി.എഫ് സർക്കാരിന്റെ ഉള്ളിലിരിപ്പ് ഈ കമ്മിറ്റിയുടെ റിപ്പോർട്ടിലൂടെ പുറത്തുവന്നിരിക്കുകയാണ്.

എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും ഉാകുന്ന പുതിയ ഡിവിഷനുകളും കോഴ്സുകളും ബാച്ചുകളും ഇനിമുതൽ അൺ-എയ്ഡഡ് ആയിരിക്കണമെന്നാണ് കമ്മിറ്റിയുടെ നിർദ്ദേശം. ഫലത്തിൽ എയ്ഡഡ് സ്കൂളുകളെ അൺ-എയ്ഡഡ് സ്കൂളുകളാക്കി മാറ്റണമെന്നാണ് പറഞ്ഞിരിക്കുന്നത്. പൊതുവിദ്യാഭ്യാസരംഗത്ത് എയ്ഡഡ് സ്കൂളുകൾക്ക് നിർണ്ണായകമായ സ്ഥാനമു്. നിലവിലുള്ള 12000 ത്തോളം സ്കൂളുകളിൽ എട്ടായിരവും എയ്ഡഡ് മേഖലയിലാണ്. വിദ്യാഭ്യാസ അവകാശനിയമത്തിന്റെ ഭാഗമായി അധ്യാപക-വിദ്യാർത്ഥി അനുപാതം കുറയുന്നതിന്റെ ഫലമായി ഉാകുന്ന പുതിയ ഡിവിഷനുകൾ എക്സ്പെൻഡീച്ചർ കമ്മിറ്റി നിർദ്ദേശത്തിന്റെ ഫലമായി അൺ-എയ്ഡഡ് ആയി മാറിവരും. ഇതിന്റെ ഫലമായി കേരളത്തിലെ ഭൂരിപക്ഷം സ്കൂളുകളും അൺ-എയ്ഡഡ് ആയി മാറും എന്നതിൽ സംശയമില്ല. പൊതുവിദ്യാലയം തകർക്കാനുള്ള സർക്കാരിന്റെ ഗൂഢപദ്ധതിയാണ് കമ്മിറ്റിയുടെ നിർദ്ദേശമായി പുറത്തുവന്നിരിക്കുന്നത്. സർക്കാരും സ്വാശ്രയമാനേജുമെന്റുകളും നടത്തിയ ഒത്തുകളിയുടെ ഭാഗമായി പൊതുവിദ്യാലയങ്ങളെ അപ്രസക്തമാക്കുന്ന കോടതിവിധി വന്നതിന്റെ പിന്നാലെയാണ് പുതിയ നിർദ്ദേശങ്ങൾ.

അധികാരം ഏറ്റ നാൾമുതൽ പൊതുവിദ്യാലയങ്ങളെ തകർക്കാനുള്ള നടപടികളാണ് യു.ഡി.എഫ് സർക്കാർ സ്വീകരിച്ചുവരുന്നത്. 40 ലക്ഷം കുട്ടികളും രുലക്ഷത്തോളം അധ്യാപകരും ജോലിചെയ്യുന്ന പൊതുവിദ്യാലയങ്ങളെ തകർക്കാൻ ഒരു കാരണവശാലും അനുവദിക്കില്ല. കേരളത്തിലെ വിദ്യാഭ്യാസ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ച എയ്ഡഡ് വിദ്യാലയങ്ങളെ തകർക്കാനുള്ള നീക്കത്തെ ശക്തമായി പ്രതിരോധിക്കും. 1957 നു മുമ്പുള്ള അവസ്ഥയിലേക്ക് അധ്യാപകരെ വീും തള്ളിവിടുകയാണ്. സൗജന്യവിദ്യാഭ്യാസം കുട്ടികൾക്ക് നൽകുന്നതിനുവേിയാണ് വിദ്യാഭ്യാസ ബില്ലിലൂടെ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്ക് ശമ്പളം കൊടുക്കാൻ തീരുമാനം എടുത്തത്. സൗജന്യവിദ്യാഭ്യാസം തകർക്കാനും അധ്യാപകരെ വഴിയാധാരമാക്കാനുമുള്ള നീക്കങ്ങളുമായി മുന്നോട്ടുപോയാൽ ഈ സർക്കാരിന് ഏറ്റവും വലിയ വിദ്യാഭ്യാസ പ്രക്ഷോഭത്തെ നേരിടേി വരുമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ മുന്നറിയിപ്പ് നൽകി.

**എം. ഷാജഹാൻ**
ജനറൽ സെക്രട്ടറി